MARTHOMA RESIDENTIAL SCHOOL, THIRUVALLA.

THIRD TERM EXAM 2019-20

STD 9 TIME 3HRS.

മലയാളം MARKS 80

## SECTION - A (40Marks)

Question 1

താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് ഏകദേശം 250 വാക്കുകളിൽ ഒരു ഉപന്യാസം തയ്യാറാക്കുക. (15)

a. ഏതു തൊഴിലിനും അതിന്റേതായ മഹത്വമുണ്ട്. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? സമർഥിക്കുക.

b. ചെറിയ കുടുംബം സന്തുഷ്ട കുടുംബം - എന്ന ആശയത്തോട് നിങ്ങൾക്കുള്ള യോജിപ്പോ വിയോജിപ്പോ വ്യക്തമാക്കിക്കൊണ്ട് ഒരു ഉപന്യാസം തയ്യാറാക്കുക.

c. വസ്ത്രധാരണം വ്യക്തിസ്വാതന്ത്ര്യത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. എങ്കിലും നാടിന്റെ കാലാവസ്ഥയ്ക്കും,സംസ്ക്കാരത്തിനും യോജിച്ച മാന്യമായ വസ്ത്രധാരണ രീതിയാണ് അഭികാമ ഈ അഭിപ്രായത്തെപ്പറ്റി നിങ്ങൾക്കുള്ള കാഴ്ച്ചപ്പാട് വ്യക്തമാക്കുക.

d. പഠിച്ചതേ പാടൂ - ഈ ചൊല്ലിനെ ആസ്പദമാക്കി ഒരു സ്വതന്ത്രകഥ എഴുതുക.

e. താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി ഒരു ലേഖനമോ വിവരണമോ തയ്യാറാക്കുക.



Question - 2

താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് ഏകദേശം 120 വാക്കുകളിൽ ഒരു കത്ത് തയ്യാറാക്കുക. **(8)**

**a .**നിങ്ങളുടെ നഗരത്തിലെ ഗതാഗതക്കുരുക്കിനെ പറ്റി പരാതിപ്പെട്ടുകൊണ്ട് ജില്ലാ പോലീസ് സൂപ്രണ്ടിന് ഒരു കത്ത്.

**b.** നിങ്ങളുടെ ആദ്യത്തെ വിമാനയാത്രയെപ്പറ്റി വിവരിച്ചുകൊണ്ട് സ്നേഹിതന് ഒരു കത്ത്.

Question - 3

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനു ശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരം എഴുതുക.

സ്വാർത്ഥതയും വിദ്വേഷവും സർവ്വത്ര കളിയാടുന്ന ഈ കാലഘട്ടത്തിൽ സ്നേഹത്തിന്റെ സന്ദേശമാണ് അടിയന്തിരമായി ആവശ്യമായിട്ടുള്ളത്.വ്യക്തികളും രാഷ്ട്രങ്ങളും വിവിധ ജാതികളും മതങ്ങളും വ്യത്യസ്ത ചിന്താഗതിക്കാരും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന പോരാട്ടങ്ങൾ മനുഷ്യനെ അധ:പതിപ്പിക്കുകയാണ്.ജീവിതം തന്നെ ദു:സ്സഹമാക്കുന്ന അവസ്ഥയിലേക്കാണ് പോകുന്നത്.പരിമിതമായ നിലയിലാണെങ്കിലും സ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നവർ ലോക സമാധാനം പടുത്തുയർത്തുന്നതിൽ അവരവരുടെ പങ്ക് വഹിക്കുകയാണ് ചെയ്യുന്നത്. ഇതിനു വേണ്ടി നാം മറ്റാരേയും കാത്തിരിക്കേണ്ട കാര്യമില്ല. പ്രത്യേകിച്ച് ഒരു സമയം കണ്ടെത്തുകയും വേണ്ട. എല്ലായിടത്തും എല്ലാ സമയത്തും നമുക്ക് അതിനുള്ള അവസരം ലഭിക്കും സ്നേഹം നിറഞ്ഞ വാക്കും, ഭാവവും മറ്റുള്ളവർക്ക് സന്തോഷം നൽകും. അത്തരക്കാരുടെ എണ്ണം വർദ്ധിക്കുമ്പോൾ സമൂഹത്തിന്റെ അവസ്ഥ മാറും.പ്രസന്ന ഭാവത്തിൻ പുഞ്ചിരി തൂകുന്ന ഒരാളെ സമീപിക്കുന്നത് സന്തോഷകരമായ അനുഭവമാണ്. നേരെ മറിച്ച് കറുത്ത മുഖവും മനം മടുപ്പിക്കുന്ന നോട്ടവുമുള്ള ഒരാളെ സമീപിക്കുന്നതോ? ഒന്നുമില്ലെങ്കിലും അയാളിൽ നിന്നും അകന്നു നിൽക്കുവാനാണ് നാം ഇഷ്ടപ്പെടുക.

ചോദ്യങ്ങൾ:

a. ജീവിതം ദുസ്സഹമാക്കുന്ന അവസ്ഥയിലേക്ക് പോകാൻ കാരണമെന്ത്? (2)

b. ലോകസമാധാനം പടുത്തുയർത്തുവാൻ ശ്രമിക്കുന്നത് ആരാണ്? (2)

c. എങ്ങനെയുള്ളവരുടെ സാമീപ്യമാണ് നാം ഇഷ്ടപ്പെടുന്നത്? (2)

d. ഈ കാലഘട്ടത്തിന്റെ പ്രത്യേകത എന്താണ്? (2)

e. ഈ ഖണ്ഡികയുടെ സാരാംശം എന്താണ്? (2)

Question - 4

താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.

a. ഒറ്റ പ്പദമെഴുതുക. (1)

i. പൂർവ്വദിക്കിനെ സംബന്ധിക്കുന്നത്

ii. പലതായിരിക്കുന്ന അവസ്ഥ.

b. അക്ഷരത്തെറ്റ് തിരുത്തുക (1)

i. നിഖണ്ടു ii. നിർബന്തം

c. താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെ പറ്റി ഒരു പഴഞ്ചൊല്ല് എഴുതുക . (1)

i. അടുക്കള ii. ഉറക്കം

d.താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് രണ്ടു പര്യായ പദം വീതം എഴുതുക. (2)

i. തേന്മാവ് ii. ഗുഹ iii. തത്ത

e.ഏതെങ്കിലും രണ്ട് ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക. (2)

i. ഇലയിട്ടു ചവിട്ടുക ii. ഉപജാപം iii. ഉദരപൂരണം

SECTION - B (40marks)

ചുവടെ കൊടുത്തിരിക്കുന്ന രണ്ട് പുസ്തകങ്ങളിൽ നിന്നുമായി ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

സാഹിത്യ സുരഭി -കഥകൾ

Question - 5

ഒടുവിലവൻ പറഞ്ഞു" ഞാൻ തോറ്റു എന്റെ ഉമ്മാ. നിങ്ങളറുപതു തന്നാ മതി"

കാട്ടിലേക്ക് പോകല്ലേ കുഞ്ഞേ

(ശിഹാബുദ്ദീൻ പൊയ്തും കടവ്)

ചോദ്യങ്ങൾ:

i. കച്ചവടക്കാരൻ തോറ്റതെങ്ങനെ? (3)

ii. അപ്പം മോളേ നീ മുസ്ലീമാക്കി വളർത്തിയാൽ മതി..... ഉമ്മ ഇപ്രകാരം പറയാനുണ്ടായ സാഹചര്യം എന്ത്? (3)

iii. അതു വാങ്ങി അവൻ നിന്ന നിൽപ്പിൽ കരഞ്ഞു. ആരാണ് കരഞ്ഞത്? അങ്ങനെ കരയാനുണ്ടായ കാരണം എന്ത്? (2)

iv. അവൻ കരയുന്നതു കണ്ടപ്പോൾ ഉമ്മ അവനോട് എന്താണ് പറഞ്ഞത്? (2)

Question - 6

സത്യത്തിന് ഒരു ദിവസം കാക്കാനുള്ള ക്ഷമയുണ്ടാകട്ടെ... അയാൾ വിചാരിച്ചു ഇപ്പോൾ ഈ രാത്രിയിൽ കുട്ടിയെ വ്യസനിപ്പിച്ചിട്ട് എന്താണ് കിട്ടാനുള്ളത്.

നെയ്പ്പായസം (മാധവിക്കുട്ടി)

ചോദ്യങ്ങൾ:

i. എന്തു കൊണ്ടാണ് തന്റെ ഭാര്യയോട് അയാൾക്ക് അകാരണമായ ദേഷ്യം തോന്നിയത്? (3)

ii. ശവദാഹം കഴിഞ്ഞ് മടങ്ങിയെത്തിയ കഥാനായകൻ അടുക്കളയിൽ കണ്ട കാഴ്ചകളെന്തെല്ലാം? (3)

iii.എത്ര നല്ല ലീവ് അഭ്യർത്ഥനയായിരിക്കും അത് ഏത്? വിശദമാക്കുക. (2)

iv. കുട്ടികൾക്ക് നെയ് പായസം കൊടുത്തു കൊണ്ട് അദ്ദേഹം ചിന്തിച്ചതെന്ത്? (2)

Question - 7

യൗവ്വനത്തെ ചവിട്ടിമെതിച്ച് മുന്നോട്ടു പോകുന്ന പുത്രിക്ക് സ്ഥിതിക്കധികനായ വരൻ മംഗല്യ സൂത്രം ചാർത്തുന്ന മുഹൂർത്തത്തിൽ പിതാവിനുണ്ടാകുന്ന കൃതാർത്ഥത ആ കുടുംബശൂന്യനുണ്ടായി.

ഉതുപ്പാന്റെ കിണർ - (കാരൂർ)

ചോദ്യങ്ങൾ:

i. ഉതുപ്പാനോട് ഹൃദയത്തിനുള്ള ആവലാതി എന്തായിരുന്നു.? (3)

ii. ഉതുപ്പാന്റെ കിണർ ജനങ്ങൾക്ക് ഒരു അധികപ്പറ്റായി മാറിയതെപ്പോൾ? (3)

iii. ആ ചെറുനഗരത്തിൽ ഉതുപ്പാനെ കാണാൻ കഴിയുന്നതെവിടെയെല്ലാം? (2)

iv. കൂട്ടുവേലക്കാരന് നാലുചക്രം പാരിതോഷികം കിട്ടാനിടയായ സംഭവമെന്ത്? (2)

മയ്യഴിപ്പുഴയുടെ തീരങ്ങളിൽ (നോവൽ)

-എം.മുകുന്ദൻ

Question - 8

അവസാനം കാലചക്രത്തിന്റെ നിലയ്ക്കാത്ത ഭ്രമണത്തിൽ ആ ദിവസം വരികയും ചെയ്തു...

ചോദ്യങ്ങൾ:

i. വിവാഹത്തിനു മുമ്പായി അച്ചു നടത്തിയ ഒരുക്കങ്ങൾ എന്തെല്ലാം? (3)

ii.അച്ചുവിന്റെ വീട്ടിലേക്കുള്ള കുറമ്പിയമ്മയുടെ കുതിര സവാരി വർണ്ണിക്കുക . (3)

iii. എവിടെയോ എന്തോ പന്തികേടുള്ളതായി കുറമ്പിയമ്മ ചിന്തിക്കാൻ കാരണമെന്ത്? (2)

iv. മയ്യഴിയിലെ ജനങ്ങളോടുള്ള കുറമ്പിയമ്മയുടെ മനോഭാവം എന്തായിരുന്നു? (2)

Question - 9

നാവികർ ആകാശത്തിലുയർത്തിയ കണ്ണുകളോടെ മുട്ടു കാലിൽ വീണ് പ്രാർഥിച്ചു.

ചോദ്യങ്ങൾ:

i. മയ്യഴി മാതാവിന്റെ ഉല്പത്തി കഥ വിവരിക്കുക. (3)

ii. മയ്യഴി മാതാവിന്റെ പെരുനാൾ ഒരുക്കങ്ങളെപ്പറ്റി വർണ്ണിക്കുക. (3)

iii. മയ്യഴി മാതാവിന്റെ ദിവ്യ വിഗ്രഹം എഴുന്നള്ളിച്ചു കൊണ്ടുള്ള ഘോഷയാത്രയെപ്പറ്റി വിവരിക്കുക. (2)

iv. മിസ്സിയുടെ മരണത്തോടെ മയ്യഴിയിലെ സങ്കരവർഗ്ഗക്കാരുടെ സുവർണ കാലഘട്ടത്തിന് തിരശ്ശീല വീണു എന്നു പറയാൻ കാരണമെന്ത്? (2)

Question - 10

ഭരതന്റെ ശബ്ദം കേട്ടപ്പോൾ കുഞ്ഞനന്തൻ മാസ്റ്റർ അസ്വസ്ഥനായി....

i." ഓനെ നോക്കി എനിക്കു മടുത്തു .. " - ആരുടെ വാക്കുകൾ? ഇപ്രകാരം പറയാനിടയാ നിടയായ സാഹചര്യം എന്ത്? (3)

ii.ഓപ്പറേഷന് വെല്ലൂരിൽ പോകുന്നതിനെപ്പറ്റി മാസ്റ്റർ ദാസനോട് പറഞ്ഞ അഭിപ്രായം എന്ത്? (3)

iii. കുഞ്ഞനന്തൻ മാസ്റ്ററോടുള്ള ഭരതന്റെ മനോഭാവം വ്യക്തമാക്കുക ? (2)

iv. കുഞ്ഞനന്തൻ മാസ്റ്ററുടെ അന്ത്യം വിവരിക്കുക. (2)

END